പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3050 — 07.11.2019 ൽ മറുപടിക്ക്

## വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനെ സാറ്റലൈറ്റ് സ്റ്റേഷനാക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരത്തു നിന്നും പാലക്കാട്,കോയമ്പത്തൂർ വഴിയുള്ള പല ദീർഘദൂര ട്രെയിനുകളും 2019 ഏപ്രിൽ മുതൽ ഷൊർണ്ണൂർ ജംഗ്ഷൻ റെയിൽവേ സ്റ്റേഷൻ വഴിയല്ല പോകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു മൂലം ചേലക്കര മണ്ഡലത്തിലെ വള്ളത്തോൾ നഗർ, ദേശമംഗലം, വരവൂർ, മുള്ളൂർക്കര, പാഞ്ഞാൾ, ചേലക്കര, കൊണ്ടാഴി, പഴയന്നൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ ആയിരക്കണക്കിന് ദീർഘദൂര യാത്രക്കാർക്ക് യാത്രാക്ലേശം അനുഭവപ്പെടുന്നത് കണക്കിലെടുത്ത് വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനെ സാറ്റലൈറ്റ് സ്റ്റേഷനാക്കി ഉയർത്തി ദീർഘദൂര ട്രെയിനുകൾ നിർത്തുന്നതിന് തിരുവനന്തപുരം റെയിൽവേ ഡിവിഷനുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | വള്ളത്തോൾ നഗർ റെയിൽവേ സ്റ്റേഷനിൽ മെയിൽ / എക്സ്പ്രസ് ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിനുള്ള സാഹചര്യം നിലവിലില്ല. 24 ബോഗികൾ നിർത്തുവാൻ സാധിക്കുന്ന പ്ലാറ്റ് ഫോം, ഫുട് ഓവർ ബ്രിഡ്ജ് മുതലായ സൗകര്യങ്ങൾ ഈ സ്റ്റേഷനിൽ ലഭ്യമല്ല. ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം തിരുവനന്തപുരം റെയിൽവേ ഡിവിഷന്റെ പരിഗണനയിലാണ്. മേൽ സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ വള്ളത്തോൾ നഗർ സ്റ്റേഷനിൽ ദീർഘദൂര ട്രെയിനുകൾ നിർത്തുന്ന വിഷയം സംബന്ധിച്ച് തുടർ തീരുമാനങ്ങൾ കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ